(ഡി) കരിമണൽ ഖനനം നടത്തുന്ന സ്ഥലങ്ങളിലെ കടലാക്രമണ പ്രതിരോധത്തിന് ഖനനം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

വാഹനാപകടങ്ങൾ തടയാൻ സ്പീഡ് ഗവേർണർ

*16 [106] ശ്രീ. സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാഹനങ്ങളുടെ അമിത വേഗതയും മത്സര ഓട്ടവും കാരണം ദിനംപ്രതി വാഹനാപകടങ്ങളും അതുമൂലം ജീവഹാനിയും കൂടുതലായി സംഭവിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളിലെല്ലാം സ്പീഡ് ഗവേർണർ ഘടിപ്പിക്കുന്നതിനുള്ള നടപടി സത്വരമായി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള)

(എ) ഉണ്ട്.

(ബി) പൊതുജനങ്ങളെ കയറ്റിക്കൊണ്ടുപോകുന്ന സ്റ്റേജ് കാര്യേജ് വാഹനങ്ങളിൽ സ്പീഡ് ഗവേർണർ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സുപ്രീം കോടതിയുടെ ഉത്തരവിനനുസൃതമായി ടി ഉത്തരവ് നടപ്പാക്കുന്നതാണ്.

മോട്ടോർ വാഹന വകുപ്പിൽ റൂട്ട് രൂപവൽക്കരണം

*17 [107] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, മത്തായി ചാക്കോ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ജില്ല/അന്തർജില്ലാതലത്തിൽ റൂട്ട് രൂപവൽക്കരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റൂട്ട് രൂപവൽക്കരണത്തിനും പരിഷ്കരണത്തിനും സർക്കാർ എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) റൂട്ട് പരിഷ്കരണത്തിലൂടെ സർക്കാർ എന്താണ് ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ കെ. എസ്. ആർ. ടി. സി. സുഗമമായി നടത്തിവരുന്ന സർവ്വീസുകൾക്ക് സമാന്തരമായി പുതിയ റൂട്ടുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ;

(ഇ) റൂട്ട് രൂപീകരണത്തിന് ശേഷം പുതുതായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകാനുദ്ദേശിക്കുന്നുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) അന്തർ ജില്ലാ റൂട്ടുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയും ജില്ലാ അതിർത്തിക്കുള്ളിൽ മാത്രം വരുന്ന റൂട്ടുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളും സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. റൂട്ടുകൾ നിർദ്ദേശിക്കുമ്പോൾ താഴെ പ്പറയുന്ന മാനദണ്ഡങ്ങൾ കണക്കിലെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

1. ബസ് സർവ്വീസ് സുരക്ഷിതമായി നടത്തുന്നതിന് യോഗ്യവും അനുയോജ്യവുമായ റോഡുകൾ നിലവിലുണ്ടായിരിക്കണം.

2. യാത്രാ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങൾകൂടി ബന്ധിപ്പിക്കുന്ന തരത്തിലായിരിക്കണം റൂട്ടുകൾ നിർദ്ദേശിക്കേണ്ടത്.

3. ഫലപ്രദമായി സർവ്വീസ് നടത്തത്തക്കവിധത്തിലുള്ള റൂട്ടുകൾ ആയിരിക്കണം നിർദ്ദേശിക്കേണ്ടത്.

4. ഇപ്പോൾ ബസ് സർവ്വീസ് നിലവിലുള്ള സ്ഥലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് വ്യത്യസ്തമായ റൂട്ടുകളും നിർദ്ദേശിക്കാവുന്നതാണ്.

(സി) വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുക, സംതുലിതമായ യാത്രാ സൗകര്യങ്ങൾ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് റൂട്ട് രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. റൂട്ട് രൂപീകരിച്ചു കഴിയുമ്പോൾ ടി റൂട്ടുകളിൽ മാത്രമേ പെർമിറ്റ് അനുവദിക്കുകയുള്ളൂ.

(ഡി) നിലവിൽ ബസ് സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടുകളും രൂപീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള റൂട്ടുകൾക്ക് സമാന്തരമായും പുതിയ റൂട്ടുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(ഇ) റൂട്ട് രൂപീകരണത്തിനുശേഷം രൂപീകൃതമാകുന്ന റൂട്ടുകളിൽ സ്വകാര്യ വാഹന ഉടമകൾക്കും പെർമിറ്റ് അപേക്ഷ നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly